## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ദേശീയ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6163 — 07-11-2016 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ. എം. നൗഷാദ്**<br>**ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ**<br>**ശ്രീ. മുരളി പെരുനെല്ലി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | ദേശീയ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന കാര്യം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തുടർച്ചയായ അവലോകന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനുപുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തിന്റെ സമ്പദ് ഘടനയ്ക്ക് നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തൽ പഠനങ്ങൾക്കായി ചുവടെ പറയുന്ന ഗവേഷണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയുണ്ടായി |

| ക്രമ നം | റിസർച്ച് നടത്തിയ സ്ഥാപനങ്ങൾ |
|---|---|
| 1 | ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് |
| 2 | കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, കൊച്ചി |
| 3 | ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്, ഡിണ്ടിഗൽ, മധുര |
| 4 | കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, തൃശ്ശൂർ |
| 5 | ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, യൂണിവേഴ്സിറ്റി ഓഫ് കേരള |
| 6 | സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം |

മേൽ സ്ഥാപനങ്ങൾ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളെല്ലാംതന്നെ

| | | | |
|---|---|---|---|
| | | | ഗ്രാമീണ മേഖലയിൽ ഈ പദ്ധതി ഗണ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഈ വർഷം എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ വർഷം 603.11 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ ലേബർ ബഡ്ജറ്റ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ ദിനങ്ങൾ അംഗീകരിച്ച് നൽകുന്നത്. ലേബർ ബഡ്ജറ്റിൽ കുടുംബങ്ങളുടെ എണ്ണം പ്രതിപാദിക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് ഈ പദ്ധതിയിൽ തൊഴിൽചെയ്യുന്ന 1960000 സജീവ കുടുംബങ്ങൾ ഉണ്ട്. ടി കുടുംബങ്ങൾക്ക് ആവശ്യാധിഷ്ഠിതമായി തൊഴിലിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. |
| (സി) | തൊഴിൽ കാർഡ് ലഭിക്കുന്നവർക്കെല്ലാം 100 ദിവസം തൊഴിൽ നൽകാൻ പര്യാപ്തമായ ഫണ്ട് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്നുണ്ടോ; 15 ദിവസത്തിനകം കൂലി നൽകിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കാൻ സാധിച്ചിട്ടുണ്ടോ; തൊഴിൽ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ തൊഴിൽ ആനുകൂല്യങ്ങൾ നൽകാറുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. സംസ്ഥാനത്തിന് അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് അധിഷ്ഠിതമായാണ് തൊഴിൽ അനുവദിക്കുന്നത്. തൊഴിൽ ആവശ്യപ്പെടുന്ന ഓരോ കുടുംബത്തിനും 100 ദിവസങ്ങൾവരെ തൊഴിൽ നൽകുവാനുള്ള ഫണ്ട് കേന്ദ്ര സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. ആവശ്യപ്പെടുന്നവർക്ക് തൊഴിൽ നൽകാൻ സാധിക്കാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ